പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1926 26-10-2026-ൽ മറുപടിയ്ക്ക്

ഖാദി ബോർഡിൽ ബന്ധുനിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. കെ. ബിനിമോൻ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് ഖാദി ബോർഡിൽ പി.എസ്.സി. ജീവനക്കാരന്റെ ഭാര്യയ്ക്ക് മതിയായ യോഗ്യതയില്ലാതെ വില്ലേജ് ഓയിൽ ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകിയിരുന്നോ; വിശദമാക്കുമോ;

മറുപടി: വില്ലേജ് ഓയിൽ ഇൻസ്പെക്ടർ തസ്തികയുടെ ഒഴിവ് നികത്തുന്നതിനായി പി.എസ്.സി കാറ്റഗറി നമ്പർ 498/2015, 004/2017 എന്നീ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിരുന്നുവെങ്കിലും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനെത്തുടർന്ന് 30.12.2019-ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 403/2019 വിജ്ഞാപനം പ്രകാരം പ്രസിദ്ധീകരിച്ചതിൽ, വിജ്ഞാപന പ്രകാരമുള്ള നിശ്ചിത യോഗ്യതയുള്ള ഒരേ ഒരു ഉദ്യോഗാർത്ഥി മാത്രം ഉണ്ടായിരുന്നതിനാൽ ടിയാൾക്ക് മാത്രമായി അഭിമുഖം നടത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുകയും, 05.01.2021-ന നിയമന ശിപാർശ നൽകുകയും ചെയ്തിരുന്നു. പി.എസ്.സിയിൽ നിന്നുള്ള 05/01/2021ലെ RIB(1)7327/2020/GW നമ്പർ നിയമന ശിപാർശയുടെയും ഖാദി ബോർഡിന്റെ 05/02/2021 ലെ KB.10628/90/E1(B) നിയമന ഉത്തരവിന്റേയും അടിസ്ഥാനത്തിൽ ടിയാൾ 25.02.2021 തീയതിയിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ജോലിയിൽ പ്രവേശിച്ചിരുന്നു.

(ബി) മതിയായ യോഗ്യതയില്ലെന്ന് മനസ്സിലായിട്ടും അഭിമുഖം മാത്രം നടത്തി ടിയാൾക്ക് 2021-ൽ ജോലി നൽകിയിരുന്നോ; വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രസ്തുത നിയമനത്തിലെ സർട്ടിഫിക്കറ്റ് പരിശോധനയിൽ പി.എസ്.സി.ക്ക് വീഴ്ച സംഭവിച്ചതായി പരാതി അന്വേഷിച്ച വിജിലൻസ്,റിപ്പോർട്ട് നൽകിയിരുന്നോ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കുമോ;

മറുപടി: സർട്ടിഫിക്കറ്റ് പരിശോധനയിൽ പബ്ലിക് സർവീസ് കമ്മീഷനിലെ ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയിട്ടുണ്ടോയെന്ന് പി.എസ്.സി വിജിലൻസ് വിഭാഗത്തെ കൊണ്ട് അന്വേഷിപ്പിക്കാമെന്ന വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി പി.എസ്.സി സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

(ഡി) യോഗ്യതയില്ലാത്ത സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ജോലി നേടിയെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ, മതിയായ യോഗ്യത നേടുന്നതിനായി ഖാദി ബോർഡിലെ പ്രസ്തുത ഉദ്യോഗസ്ഥയ്ക്ക് ഒരു വർഷത്തെ സാവകാശം അനുവദിച്ചിരുന്നോ; ജോലിയിൽ നിന്ന് പിരിച്ചുവിടാവുന്ന സാഹചര്യം നിലനിന്നിരിക്കെ ചട്ടവിരുദ്ധമായാണോ സാവകാശം അനുവദിച്ചത്; വിശദമാക്കുമോ?

<u>മറുപടി:</u> Compassionate ഗ്രൗണ്ടിൽ ടിയാളെ നിലവിലെ തസ്തികയിൽ തുടരാൻ **അനുവദിച്ചു കൊണ്ടും ടിയാളുടെ തുടർ ഉദ്യോഗക്കയറ്റങ്ങൾ തടഞ്ഞു വെച്ചു കൊണ്ടും, നിലവിലെ തസ്തികയിൽ തുടരുന്നതിന് വില്ലേജ് ഓയിൽ ഇൻസ്പെക്ടർ തസ്തികയിലെ നിയമനത്തിനാവശ്യമായ KVIC അംഗീകരിച്ച Supervisory Training in Village Oil Industry എന്ന യോഗ്യത, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തിനകം സ്വന്തം നിലയിൽ നിയമപരമായ എല്ലാ ചട്ടങ്ങളും പാലിച്ച് കരസ്ഥമാക്കണമെന്ന് നിർദ്ദേശം നൽകിക്കൊണ്ടും ഖാദി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ഉദ്യോഗസ്ഥ ഫയൽ ചെയ്ത റിട്ട് ഹർജി നം. 47571/2025 നിലവിൽ ഹൈക്കോടതിയുടെ പരിഗണന യിലാണ്. ഖാദിബോർഡ് പുറപ്പെടുവിച്ച ഉത്തരവ് ബഹു.ഹൈക്കോടതി നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്.**

സെക്ഷൻ ഓഫീസർ